**"ഭരണഭാഷ മാതൃഭാഷ"**

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ: നിപുൺ ജോസഫ് )**

വിഷയം – ഡിഇഎസ്– ജീവനകാര്യം –ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം–
1. 20/02/2009 ലെ ജിഒ(പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 10/02/2021 ലെ ജി.ഒ (പി) 27/2021/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ ഓഫീസിലെ 17/10/2022 തീയതിയിലെ ഡിഇഎസ്/567/2022/ ഇഎ(1) നമ്പർ ഉത്തരവ്.
4. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് , മലപ്പുറം, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 31/05/2022 ലെ എ(1)/ 1448/2022/ഡിഇഎസ്എം നമ്പർ കത്ത്.
5. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് , കോട്ടയം, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 04/08/2022-ലെ എ(2)/2448/2022/ഡിഒകെ/എൽഡിസ് നമ്പർ കത്ത്.
6. ശ്രീമതി.ദീപ.പി.എസ്, ഓഫീസ് അറ്റൻഡന്റ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ഡയറക്ടറുടെ കാര്യാലയം -ന്റെ 08/07/2022 ലെ സമർപ്പണം.
7. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കൊല്ലം, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 12/09/2022 ലെ ഇ(2)2114/2022/ഡിഒകെ നമ്പർ കത്ത്.
8. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, മലപ്പുറം, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 31/10/2022 ലെ എ(1)-333/2019/ ഡിഇഎസ്എം(2) നമ്പർ കത്ത്.
9. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, പാലക്കാട്, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 01/11/2022 ലെ ഇ(2)/3945/2022/ഡിഇഎസ്പി നമ്പർ കത്ത്.
10. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 04/11/2022 ലെ ഇ(1)/2374/2022/ഡിഒറ്റി നമ്പർ കത്ത്.
11. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കൊല്ലം, ജില്ലാ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടറുടെ 03/11/2022 ലെ ഇ(2)188/2021/ഡിഒകെ നമ്പർ കത്ത്.
12. ഗ്രഡേഷൻ സെല്ലിന്റെ 11/11/2022- ലെ ഡിഇഎസ് /4860/2021 ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്.

**ഉത്തരവ് നം: ഡിഇഎസ്/3976/2022/ഇഎ(3), തീയതി: 17/11/2022**

കേരള സ്റ്റാറ്റിസ്റ്റിക്കൽ ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവീസ് ചട്ട

പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ബി.എ.(എക്കണോമിക്സ്)/ബി.എസ്.സി (മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ്)/ ബി.കോം(വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ്) ബി.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യതയുള്ളവരും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 3 വർഷം സേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്ക് തസ്തികമാറ്റം നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (12) സീനിയോരിറ്റി ലിസ്റ്റ് പ്രകാരം താഴെ പറയുന്ന ഓഫീസ് അറ്റൻഡന്റ് മാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി.പ്രേമ.പി.ജെ | 35 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ഏറനാട് |
| 2 | ശ്രീമതി.രജനി.കെ.അപ്പുക്കുട്ടൻ | 36 | ജില്ലാ ഓഫീസ് കോട്ടയം |
| 3 | ശ്രീമതി.ദീപ.പി.എസ് | 37 | സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്, ആസ്ഥാനകാര്യാലയം |
| 4 | ശ്രീമതി.അരുണിമ.യു.എം | 41 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,കൊട്ടാരക്കര |

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരം നിയമനം നൽകണമെന്ന് പ്രസ്തുത ജീവനക്കാർ പരാമർശം (4),(5),(6),(7) പ്രകാരം ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ഓപ്ഷൻ സമർപ്പിച്ച ജില്ല |
|---|---|---|
| 1 | ശ്രീമതി.പ്രേമ.പി.ജെ | മലപ്പുറം |
| 2 | ശ്രീമതി.രജനി.കെ.അപ്പുക്കുട്ടൻ | പാലക്കാട് |
| 3 | ശ്രീമതി.ദീപ.പി.എസ് | തിരുവനന്തപുരം |
| 4 | ശ്രീമതി.അരുണിമ.യു.എം | പാലക്കാട് |

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവില്ലെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (10 ) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മേൽ ഓഫീസ് അറ്റൻഡന്റ്മാർക്ക് 31100-66800/- രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റം നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി സ്ഥാനകയറ്റം നൽകിയും

അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള ഓഫീസിൽ നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം | പേര് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II നിയമനം നൽകുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീമതി.പ്രേമ.പി.ജെ | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, മലപ്പുറം |
| 2 | ശ്രീമതി.രജനി.കെ.അപ്പുക്കുട്ടൻ | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, പാലക്കാട് |
| 3 | ശ്രീമതി.ദീപ.പി.എസ് | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, കൊല്ലം |
| 4 | ശ്രീമതി.അരുണിമ.യു.എം | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, പാലക്കാട് |

തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ലാത്തതിനാൽ ആണ് ശ്രീമതി.ദീപ.പി.എസ്-നെ കൊല്ലം ജില്ലയിൽ തൽക്കാലം നിയമിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ, പ്രസ്തുത ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ തസ്തികമാറ്റം ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ശ്രീമതി .ദീപ.പി.എസ്-ന് സീനിയോറിറ്റി സംരക്ഷിച്ച് തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകേണ്ടതാണ്.

പ്രസ്തുത ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാർ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതുമാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ , ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signature valid
Digitally signed by Nipun Joseph
Date: 2022.11.17 14:26:45 IST
Reason: Approved

**SENIOR ADMINISTRATIVE OFFICER**

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്,തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, പാലക്കാട്.
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
3. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സി.എ
4. ഗ്രഡേഷൻ സെൽ/വിജിലൻസ്
5. ഫയൽ/സൂക്ഷിപ്പ് ഫയൽ